(ബി) ഇലക്ട്രീഷ്യന്റെ തസ്തിക പുതുതായി അനുവദിച്ചിട്ടുണ്ട്. വേറെ തസ്തികകളും ഒന്നും പുതുതായി അനുവദിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) സാങ്കേതിക ജീവനക്കാരുടെ കൂടുതൽ തസ്തികകളും അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

മണ്ണന്തല ഗവ. പ്രസ്സിലെ ജനറൽ മാനേജരുടെ നിയമനം

1227 [2200] ശ്രീ. വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല ഗവൺമെന്റ് പ്രസ്സിലേക്ക് ഒരു ജനറൽ മാനേജരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തസ്തികയുടെ ശമ്പളനിരക്ക്, മറ്റു സേവന വേതന വ്യവസ്ഥകളും എന്നിവ വെളിവാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജിയിൽ ഡിപ്ലോമ/ഡിഗ്രിയും 10–12 വർഷത്തെ പരിചയവും 40 വയസ്സ് പ്രായവുമുള്ള ഒരാളെ 3 വർഷത്തേക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. കൂടാതെ മണ്ണന്തല പ്രസ്സിന്റെ പൂർണ്ണ ചുമതല വഹിക്കുവാനും ഉൽപ്പാദനക്ഷമത കൈവരിക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കുവാൻ പ്രാപ്തിയുമുള്ള ആളായിരിക്കണം. പ്രതിമാസം 4,000 രൂപ ശമ്പളമാണ് നിശ്ചയിച്ചിരിക്കുന്നത്.

മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ ഓഫ്സെറ്റ് മെഷീനുകൾ

1228 [2201] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ ആർ. എ. 1 സൈസ് മാത്രം അച്ചടിക്കുന്നതിനുള്ള സിംഗിൾ യൂണിറ്റ് ഓഫ്സെറ്റ് മെഷീനുകൾ എത്രയെണ്ണമുണ്ട്;

(ബി) ഇവ മുഴുവനും പ്രവർത്തിപ്പിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) ഒരു കളറിൽ മാത്രം അച്ചടി നടത്തുന്നതിനുള്ള ഈ മെഷീനുകൾ വാങ്ങുന്നതിനുള്ള സാങ്കേതിക ഉപദേശം സർക്കാരിനു നൽകിയതാരാണ്;

(ഇ) സിംഗിൾ യൂണിറ്റ് ഓഫ്സെറ്റ് മെഷീൻ വാങ്ങുന്നതിനു സർക്കാരിൽ നിന്നും എന്തു തുക ചെലവായിട്ടുണ്ട്?

ഉത്തരം

(എ) 10 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly